(c) 2874 in Travancore area.

(d) The Foremen are instructed to produce the chitty accounts for audit in the respective Ex-officio Chitty Registrar's offices, *viz.*, the Sub-Registry office.

ശ്രീ. എം. ഐ. പോൾ: രജിസ്റ്റർ ചെയ്യാതെ ൻസ് ക്രപാ സല വെച്ച് ചിട്ടി നടത്തി സാധുക്കളെ കഷ്ടപ്പെടുത്തുന്നതായി ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ഉണ്ടായിരിക്കാം.

ശ്രീ. എം. ഐ. പോൾ: ഗവണ്മെൻറ് അതിനെ നിയന്ത്രിക്കേണ്ടതല്ലേ?

Mr. Speaker: It is a matter of opinion.

ഉണ്ടനൂൽക്കമ്പനി

*൩൪൨. (൧൯) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കൊരട്ടിയിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന ഉണ്ടനൂൽക്കമ്പനി പ്രവർത്തനം ആരംഭിച്ചോ;

(ബി) ആ കമ്പനി ആരാണു് നടത്തുന്നതു്;

(സി) ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നും ആ കമ്പനിക്കു് എത്ര സഹായധനം കൊടുത്തിട്ടുണ്ടു്?

വിദ്യാഭ്യാസവും, തൊഴിലും ,സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഇല്ല.

(ബി) ബാംബെ ജെനാ മിൽസ് കമ്പനിക്കാർ.

(സി) സഹായധനം കൊടുത്തിട്ടില്ല.

ശ്രീ. എ. വി. ജോസഫ്: ആ കമ്പനിയുടെ പണി ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പണി ആരംഭിക്കുന്നുണ്ടു്.

ശ്രീ. എ. വി. ജോസഫ്: എന്നാണു് ആരംഭിക്കുന്നതെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കെട്ടിടം പണിയാണു് ഇപ്പോൾ തുടങ്ങുന്നതു്.

ശ്രീ. ഇട്ടീര അമ്മുക്കൻ: അവർ സഹായധനം ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സഹായധനം ആവശ്യപ്പെട്ടാലും ഇല്ലെങ്കിലും കൊടുക്കണമെന്നുദ്ദേശിക്കുന്നില്ല.

ശ്രീ. ഇട്ടീര അമ്മുക്കൻ: സഹായധനം ആവശ്യപ്പെട്ടിട്ടുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. മാത്യു: കൊരട്ടി എന്ന സ്ഥലം പ്രത്യേകം തെരഞ്ഞെടുത്തതിനു കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ആ സ്ഥലത്തുള്ള പല സൗകര്യങ്ങളേയും ആസ്പദമാക്കിയാണു്.

ശ്രീ. പി. കെ. ഡിവർ. സഹായധനമല്ലാതെ വേറെ തരത്തിൽ വല്ല സഹായവും ഈ കമ്പനിക്കു നൽകിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: വ്യ ഏക്കറിൽ ചിലപ്രദേശം സ്ഥലം ഈ കമ്പനിയുടെ ആവശ്യത്തിനുവേണ്ടി ചില വ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തി പാട്ടത്തിനു കൊടുത്തിട്ടുണ്ട്.

ശ്രീ. പി. കെ. ഡീവർ: സഹായം നൽകുമ്പോൾ കമ്പനിയുടെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം വല്ല പ്രത്യേകനിബന്ധനകളും ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സാധാരണ ഏർപ്പെടുത്താറുണ്ട്.

ശ്രീ. പി. കെ. ഡീവർ: ഈ കമ്പനിയുടെ കാര്യത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ കമ്പനിയുടെ കാര്യത്തിലും ഏർപ്പെടുത്തിയിട്ടുണ്ട്.

ഷാക്കലിവർ ഓയിൽ കമ്പനി

*൩൫൨. (൨൦) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവനന്തപുരത്തു് ഒരു ഷാക്കലിവർ ഓയിൽ കമ്പനി പ്രവർത്തനം നടത്തുന്നുണ്ടോ;

(ബി) ആ കമ്പനി ഗവൺമെൻറിൽനിന്നും നേരിട്ടാണോ നടത്തുന്നതു്;

(സി) അതിൻെറ പ്രവർത്തനം വിപുലപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ടു്.

(ബി) അതെ.

(സി) ഉണ്ടു്.

ശ്രീ. എം. ഐ. പോൾ: വെസ്റ്റ്കോസ്റ്റ് ഫിഷറീസും ഈ കമ്പനിയുമായി വല്ല ബന്ധവുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ കമ്പനി ഗവൺമെൻറ നടത്തുന്ന ഒന്നാണു്.

ശ്രീ. പി. കെ. ഡീവർ: ഇതൊരു കമ്പനിയാണോ ഒരു ഗവൺമെൻറ ഡിപ്പാർട്ട്മെൻറാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെൻറ് ഒരു ബോർഡ് ഓഫ് മാനേജ്മെൻറ് വെച്ചു ഈ വ്യവസായം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പി. കെ. ഡീവർ: ഇതിൽ എത്ര മൂലധനം മുടക്കിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. ഡീവർ: ഇപ്പോൾ പ്രൊഡക്ഷൻ ആ കമ്പനിയിൽ തുടങ്ങിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: തുടങ്ങിയിട്ടുണ്ടു്.

ശ്രീ. എ. കെ. പാപ്പുപിള്ള: ഇതിലെ പ്രൊഡക്ഷൻ മുഴുവൻ ചെലവായിക്കൊണ്ടിരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly